ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 29.06.2025

## പ്രധാനവാർത്തകൾ

1. രാജ്യം പത്തു വർഷത്തിനിടെ കൈവരിച്ച നേട്ടങ്ങൾ മൻ കി ബാത്തിലൂടെ പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അടിയന്തിരാവസ്ഥയുടെ 50 ആം വാർഷികത്തിൽ ഭരണഘടനയെ സംരക്ഷിക്കാൻ ആഹ്വാനം.

2. വനിതകൾ സമൂഹത്തിന് ദിശാബോധം പകരുന്നതും പരിസ്ഥിതിയെ സംരക്ഷിക്കാൻ സാധാരണക്കാർ നടത്തുന്ന ഊർജ്ജസ്വലമായ പ്രവർത്തനങ്ങളും പരാമർശിച്ചു.

3. വടക്ക് കിഴക്കൻ മേഖലയുടെ തനത് പൈതൃകങ്ങളും, ബോഡോലാൻഡ് മേഖലയിലെ ഫുട്ബാൾ മുന്നേറ്റവും, ബഹിരാകാശനിലയത്തിലെത്തിയ ശുഭാംശുവും പ്രചോദനമെന്ന് പ്രധാനമന്ത്രി.

4. ജലനിരപ്പ് 136 അടി പിന്നിട്ടതോടെ മുല്ലപ്പെരിയാർ ഡാം തുറന്നു; പെരിയാറിന്റെ ഇരു കരകളിലും ഉള്ളവർക്ക് ജാഗ്രതാ നിർദ്ദേശം .

5. **US** ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ തൻവി ശർമ്മ ഇന്നിറങ്ങും.

&&&&&&&&&&&&&&&&&&&

PNUTVPM

## ഹെഡ് ലൈൻ - 1

## മൻ കി ബാത്

10 വർഷം മുമ്പ് ആരംഭിച്ച 'അന്താരാഷ്ട്ര യോഗദിനാചരണം' പരാമർശിച്ചു കൊണ്ടാണ് 'മൻ കി ബാത്തിന്റെ' 123 ആം പതിപ്പിന് പ്രധാനമന്ത്രി തുടക്കം കുറിച്ചത്. വിശാഖപട്ടണത്തിന്റെ കടൽത്തീരത്ത് മൂന്ന് ലക്ഷം പേർ ഒരുമിച്ച് യോഗ ചെയ്തു. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലമായ ജമ്മു കശ്മീരിലെ ചെനാബ് പാലത്തിലും ആളുകൾ യോഗ ചെയ്തു. ലോകത്തിലെ എല്ലാ വൻ നഗരങ്ങളിലും യോഗദിനാചരണം നടന്നു. 'ഭൂമിയ്ക്കും ആരോഗ്യത്തിനുമായി യോഗ' എന്നതായിരുന്നു ഇത്തവണത്തെ പ്രമേയം. 'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' എന്നതിന്റെ പ്രതിഫലനമാണ് തീർത്ഥാടനങ്ങളെന്ന് അദ്ദേഹം വ്യക്തമാക്കി. വളരെക്കാലത്തിനുശേഷം, കൈലാസ യാത്ര വീണ്ടും ആരംഭിച്ചു. അമർനാഥ് യാത്ര ജൂലൈ 3 ന് ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## മൻ കി ബാത് (ഇൻട്രോ) 1

രാജ്യം പത്തു വർഷത്തിനിടെ കൈവരിച്ച നേട്ടങ്ങൾ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി ജനങ്ങളോട് പങ്കുവച്ചു. വിവിധ മേഖലകളിൽ രാജ്യം കൈവരിച്ച മുന്നേറ്റത്തെ ലോകാരോഗ്യ സംഘടനയും അന്താരാഷ്ട്ര തൊഴിൽ സംഘടനയും അഭിനന്ദിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

**വിശദാംശങ്ങളിലേക്ക്.... (വോയ്സ്)**

## മൻ കി ബാത് (വോയ്സ്)1

ആരോഗ്യം, തൊഴിൽ, ശുചിത്വം തുടങ്ങി വിവിധ മേഖലകളിൽ രാജ്യം മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നത്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും കണ്ടുവന്നിരുന്ന നേത്രരോഗമായ ട്രാക്കോമ പൂർണമായും തുടച്ചുനീക്കാൻ നമ്മുടെ ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനത്തിലൂടെ സാധിച്ചതായി

RNU TVPM

പ്രധാനമന്ത്രി പറഞ്ഞു. ഇതിന്റെ ഫലമായി ലോകാരോഗ്യ സംഘടന ഇന്ത്യയെ ട്രാക്കോമ മുക്ത രാജ്യമായി പ്രഖ്യാപിച്ചു. സ്വച്ഛ് ഭാരത് ജലജീവൻ മിഷൻ തുടങ്ങിയവയുടെ ഭാഗമായി ശുദ്ധമായ അന്തരീക്ഷം സൃഷ്ടിച്ചതിലൂടെയാണ് ബാക്ടീരിയ പരത്തുന്ന ഈ രോഗം തുടച്ചു നീക്കാൻ സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ ജനസംഖ്യയുടെ 64ശതമാനത്തിലധികം പേർക്ക് ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു. 2015 വരെ സർക്കാർ പദ്ധതികൾ 25 കോടിയിൽ താഴെ ആളുകളിൽ മാത്രമേ എത്തിയിരുന്നുള്ളൂ. എന്നാൽ ഇന്നത് 95 കോടിയിലധികം ആളുകൾക്ക് ലഭിക്കുന്നു എന്നതിന്റെ തെളിവാണ് ഈ റിപ്പോർട്ടെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**ന്യൂസ് ഡെസ്ക് ആകാശവാണി.......**

&&&&&&&&&&&&&&&&&&

## മൻ കി ബാത് 2 - അടിയന്തരാവസ്ഥ (ഇൻട്രോ)

രാജ്യത്ത് അടിയന്തിരാവസ്ഥ അടിച്ചേൽപിച്ചതിന്റെ 50 വർഷം തികയുന്ന പശ്ചാത്തലത്തിൽ 'സംവിധാൻ ഹത്യ ദിവസ്' ആചരിച്ച കാര്യം പ്രധാനമന്ത്രി സൂചിപ്പിച്ചു.
അടിയന്തരാവസ്ഥയ്ക്കെതിരെ ധീരമായി പോരാടിയ എല്ലാവരെയും നാം സാദാ സ്മരിക്കണം. ഭരണഘടനയെ ശക്തമായി നിലനിർത്താൻ ജാഗ്രത പാലിക്കണം. അടിയന്തരാവസ്ഥ ഏർപ്പെടുത്തിയവർ ഭരണഘടനയെ അപായപ്പെടുത്തുകയും നീതിന്യായ വ്യവസ്ഥയ്ക്ക് കൂച്ചുവിലങ്ങിടുകയും ചെയ്തു. (വോയിസ്)
മുൻ പ്രധാനമന്ത്രി മൊറാർജി ദേശായി, ജോർജ്ജ് ഫെർണാണ്ടസ്, ജഗ്ജീവൻ റാം, അടൽ ബിഹാരി വാജ്പേയ് തുടങ്ങിയവർ അടിയന്തരാവസ്ഥയ്ക്കെതിരെ ശക്തമായി പോരാടി വിജയം വരിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

ഹെഡ് ലൈൻ - 3

മൻ കി ബാത് 3 - നോർത്ത് ഈസ്റ്റ്

മേഘാലയയുടെ തനത് പൈതൃകമായ എറി സിൽക്ക് പ്രധാനമന്ത്രി പരാമർശിച്ചു. ഈ പട്ട് നിർമ്മിക്കാൻ പട്ടുനൂൽപ്പുഴുക്കളെ കൊല്ലുന്നില്ല, എന്നതിനാൽ അഹിംസ സിൽക്ക് എന്നും വിളിക്കുന്നു. ഖാസി ഗോത്ര സമൂഹത്തിലെ ആളുകൾ, തലമുറകളായി അതിനെ സംരക്ഷിക്കുന്നു. എറി സിൽക്കിന് ജി.ഐ. ടാഗ് ലഭിച്ചതിൽ മേഘാലയയിലെ ജനങ്ങളെ അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. മുമ്പ് അസ്വസ്ഥമായിരുന്ന അസമിലെ ഒരു പ്രധാന പ്രദേശമായ ബോഡോലാൻഡിൽ യുവാക്കളുടെ ഊർജ്ജവും ആത്മവിശ്വാസവും ഫുട്ബോൾ മൈതാനങ്ങളിലാണ് ഇപ്പോൾ ദൃശ്യമാകുന്നത്. ബോഡോലാൻഡ് സി.ഇ.എം. കപ്പിൽ മൂവായിരത്തി എഴുനൂറിലധികം ടീമുകളും പെൺകുട്ടികളുൾപ്പെടെ എഴുപതിനായിരം കളിക്കാരും പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 2

മൻ കി ബാത് (ഇൻട്രോ) 2

വനിതകൾ സമൂഹത്തിന് പുതിയ ദിശാബോധം പകരുന്നതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. പരിസ്ഥിതിയെ സംരക്ഷിക്കാൻ സാധാരണക്കാർ നടത്തുന്ന ഊർജ്ജസ്വലമായ പ്രവർത്തനങ്ങളും അദ്ദേഹം പരാമർശിച്ചു.

**ഒരു റിപ്പോർട്ട് ..........**

**(വോയ്സ്)**

മൻ കി ബാത് (വോയ്സ്) 2

തെലങ്കാനയിലെ ഭദ്രാചലത്തിലുള്ള വനിതകൾ കൈവരിച്ച വിജയം പ്രധാനമന്ത്രി പരാമർശിച്ചു. ഉപജീവനത്തിനായി ദിവസം മുഴുവൻ വയലേലകളിൽ കഠിനാധ്വാനം ചെയ്യുന്ന അവർ 'ഭദ്രാദ്രി മില്ലറ്റ് മാജിക്' എന്ന പേരിൽ തിനയിൽ നിന്നും ബിസ്കറ്റ് ഉണ്ടാക്കി വിൽക്കുന്നു. കൂടാതെ 40,000 ലധികം 'ഗിരി സാനിറ്ററി പാഡുകൾ' നിർമ്മിച്ച് സമീപത്തുള്ള സ്കൂളുകളിലും ഓഫീസുകളിലും കുറഞ്ഞ

RNU TVPM

വിലയ്ക്ക് വിതരണം ചെയ്യു. കർണാടകയിലെ കൽബുർഗിയിലെ വനിതകളാകട്ടെ ചോളം കൊണ്ടുള്ള റൊട്ടിയെ സവിശേഷ ബ്രാൻഡാക്കി മാറ്റി. 'ലോക പരിസ്ഥിതി ദിനം' പരാമർശിച്ച പ്രധാനമന്ത്രി പൂനെയിലെ രമേശ് ഖർമലെയുടെ പ്രവർത്തനങ്ങൾ വിവരിച്ചു. നിരവധി ചെറിയ കുളങ്ങൾ നിർമ്മിക്കുകയും നൂറുകണക്കിന് മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്ത രമേശ് ഇപ്പോൾ ഒരു ഓക്സിജൻ പാർക്കും നിർമ്മിക്കുന്നു. മധ്യപ്രദേശിൽ നിന്നുള്ള സുമ ഉയികെ കൂൺകൃഷിയിലും കന്നുകാലി പരിപാലനത്തിലും പരിശീലനം നേടി സ്വയംപര്യാപ്തതിയിലേക്കുള്ള പാത കണ്ടെത്തി. അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷൻ 'മിഷൻ ഫോർ മില്യൺ ട്രീസ്' പ്രചാരണം ആരംഭിച്ചു. രാജ്യത്തിനുവേണ്ടി ത്യാഗമനുഷ്ഠിച്ച ധീരരായ ആളുകളുടെ സ്മരണയ്ക്കായി അവർ സിന്ദൂർ ചെടികൾ നടുന്നു. മഹാരാഷ്ട്രയിലെ ഒരു ഗ്രാമപഞ്ചായത്തായ 'പാട്ടോദ' കാർബൺ ന്യൂട്രൽ ഗ്രാമ പഞ്ചായത്തായി മാറിയിരിക്കുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

<u>മൻ കി ബാത് - ബുദ്ധ</u>

ശ്രീബുദ്ധന്റെ ചിന്തകൾ രാജ്യങ്ങളെയും സംസ്കാരങ്ങളെയും ബന്ധിപ്പിക്കാൻ ശക്തിയുള്ളവയാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിലൂടെ പറഞ്ഞു. ഇന്ത്യയിൽ നിന്നും വിയറ്റ്നാമിലേക്ക് പ്രദർശനത്തിനായി കൊണ്ടുപോയ ശ്രീബുദ്ധന്റെ തിരുശേഷിപ്പുകൾ കാണാൻ ഒന്നരകോടിയിലധികം ജനങ്ങളാണ് എത്തിയത്. ഇതിന് അവസരം ഒരുക്കിയതിന് ഇന്ത്യക്ക് നന്ദി അറിയിച്ചു കൊണ്ട് നിരവധി സന്ദേശങ്ങൾ വിയറ്റ്നാമിൽ നിന്ന് ലഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിലെ ബുദ്ധമത കേന്ദ്രങ്ങൾ സന്ദർശിക്കണമെന്നും പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

RNU TVPM

**മൻ കി ബാത് - ശുഭാംശു (ഇൻട്രോ)**

ബഹിരാകാശനിലയത്തിലുള്ള ശുഭാംശു ശുക്ലയുമായി സംസാരിച്ച കാര്യം പങ്കു വച്ചുകൊണ്ടാണ് ഈ മാസത്തെ മൻ കി ബാത്ത് പ്രധാനമന്ത്രി അവസാനിപ്പിച്ചത്. 'മൻ കി ബാത്തിന്റെ' അടുത്ത അദ്ധ്യായത്തിൽ ദൗത്യത്തെക്കുറിച്ച് കൂടുതൽ സംസാരിക്കാമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

മറ്റന്നാൾ, അതായത് ജൂലൈ 1 ന്, ഡോക്ടർമാരെയും ചാർട്ടേഡ് അക്കൗണ്ടന്റ്മാരെയും ആദരിക്കേണ്ട ദിനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

&&&&&&&&&&&&&&&&&&

**മഴ**

കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിനു വിലക്കുണ്ട്.

&&&&&&&&&&&&&&&&&&

RNU TVPM

**ഹെഡ് ലൈൻ - 4**

**ഇടുക്കി - മുല്ലപെരിയാർ (ഇൻട്രോ)**

മുല്ലപ്പെരിയാർ ഡാമിൻ്റെ 13 ഷട്ടറുകൾ തുറന്നു. 10 സെൻ്റി മീറ്റർ വീതമാണ് ഷട്ടർ തുറന്നത്. രാവിലെ 11.35 നാണ് ഷട്ടറുകൾ തുറന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - കണ്ണൂർ**

പോലീസിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പിണറായി പോലീസ് സ്റ്റേഷനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 25 സെന്റ് സ്ഥലത്ത് മൂന്ന് നിലകളിലായി മൂന്ന് കോടി രൂപ ചെലവഴിച്ചാണ് കെട്ടിടംനിർമ്മിക്കുന്നത്.

&&&&&&&&&&&&&&&&&&

**കണ്ണൂർ - കൊട്ടിയൂർ (ഇൻട്രോ)**

കണ്ണൂർ , കൊട്ടിയൂർ വൈശാഖ മഹോത്സവത്തിൽ വൻ ഭക്തജന തിരക്ക് . നാളെ ഉച്ചവരെയാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയ്സ്)

&&&&&&&&&&&&&&&&&&

**തൃശ്ശൂർ - നവജാത ശിശു - മരണം**

അവിവാഹിതരായ മാതാപിതാക്കൾ ചേർന്ന് നവജാത ശിശുക്കളെ കുഴിച്ചിട്ടു. പുതുക്കാട് ആണ് സംഭവം. രണ്ട് തവണയായി ജനിച്ച കുഞ്ഞുങ്ങളെയാണ് കുഴിച്ചിട്ടത്. കുഞ്ഞുങ്ങളെ കൊലപ്പെടുത്തിയ ശേഷം കുഴിച്ചിട്ടതാണോ എന്നതിൽ അന്വേഷണം തുടങ്ങി. പുതുക്കാട്, വെള്ളിക്കുളങ്ങര സ്വദേശികളായ 26കാരനും 21 കാരിയുമാണ് കസ്റ്റഡിയിലായത്.

RNU TVPM

&&&&&&&&&&&&&&&&&&

**പ്രൽഹാദ് ജോഷി**

കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷി ഇന്ന് തിരുവനന്തപുരത്ത്. ഡോ. ശ്യാമ പ്രസാദ് മുഖർജി അനുസ്മരണത്തോടനുബന്ധിച്ച്, പൂജപ്പുര ഭഗത് സിംഗ് പാർക്കിൽ അദ്ദേഹം വൃക്ഷത്തൈ നട്ടു. ശ്രീവരാഹത്ത് മുതിർന്ന പാർട്ടി നേതാക്കളോടൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 'മൻ

കി ബാത്ത് പ്രഭാഷണം കേന്ദ്രമന്ത്രി കേട്ടു.
അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ബിജെപി സംസ്ഥാന തല
സെമിനാറിൽ അദ്ദേഹം ഇപ്പോൾ പങ്കെടുക്കുകയാണ്.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

യുഎസ് ഓപ്പൺ ബാഡ്മിൻറൺ

US ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ കടന്നു ഇന്ത്യയുടെ തൻവി ശർമ്മ. ഇന്ന് രാത്രി ഇന്ത്യൻ സമയം 8:30 നാണു ഫൈനൽ. യുഎസ്എ യുടെ ബെയ്‌വാൻ ജാങ് ആണ് തൻവി യുടെ എതിരാളി. നിലവിൽ ലോകറാങ്കിങ്ങിൽ 66 ആം സ്ഥാനത്താണ് തൻവി.

&&&&&&&&&&&&&&&&&&

കോഴിക്കോട് - മണ്ണിടിച്ചിൽ

കോഴിക്കോട് ബൈപ്പാസിൽ നെല്ലിക്കോടിന് സമീപം മണ്ണിടിച്ചിൽ. ഒരാൾ അകപ്പെട്ടതായി സംശയം. ഫയർഫോഴ്സ് രക്ഷാപ്രവർത്തനം നടത്തുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&